**കേൾക്കേണ്ട ശബ്ദം:**

*അടുത്ത വീട്ടിലെ കുട്ടിയുമായുള്ള മത്സരം മാത്രമാണ് ഇന്നത്തെ വിദ്യാഭ്യാസം. അവനെ തോൽപ്പിക്കുക, താൻ ജയിക്കുക. എന്നും എവിടെയും ഒന്നാമത് ആകേണ്ടത് താൻ മാത്രം. ഈ മത്സരത്തിൽ എന്ത് ധർമ്മമാണുള്ളത്?*

**–എസ്.രമേശൻ നായർ**

# മക്തബ്

1193 കുംഭം 26 1439 ജ. ആഖിർ 22

## സി.ബി.ഐ വരും, പോകും, പക്ഷെ....

ഷുഹൈബ് വധക്കേസിൽ സി.ബി.ഐ അന്വേഷണത്തിന് ഹൈക്കോടതി ഉത്തരവിട്ടതിനെ ചൊല്ലി വലിയ വിവാദം പുകയുകയാണല്ലോ. സി.ബി.ഐ അന്വേഷണത്തെ ഫലത്തിൽ എതിർക്കുന്ന നിലപാടാണ് സി.പി.എം സ്വീകരിച്ചത്. കോൺഗ്രസാകട്ടെ അമിത ആഹ്ലാദത്തിലുമാണ്. ഈ രണ്ട് നിലപാടുകളും അവസരവാദപരമാണ്. സി.ബി.ഐ കേന്ദ്ര സർക്കാരിന്റെ ആയുധമാണെന്നാണ് സി.പി.എം ആരോപിക്കുന്നത്. അതേസമയം ബാർക്കോഴക്കേസ് സി.ബി.ഐയെ കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ് മുതിർന്ന സി.പി.എം നേതാവ് വി.എസ്. അച്യുതാനന്ദൻ കഴിഞ്ഞ ദിവസം ആവശ്യപ്പെട്ടത്. പശ്ചിമബംഗാളിൽ സി.പി.എമ്മുകാർക്ക് എതിരെ ഭരണകക്ഷിയായ തൃണമൂൽ കോൺഗ്രസിന്റെ പ്രവർത്തകർ നടത്തുന്ന അക്രമങ്ങൾ സി.ബി.ഐ അന്വേഷിക്കണമെന്നാണ് അവിടത്തെ സി.പി.എം ആവശ്യപ്പെടുന്നത്. ഭരണകക്ഷിയുടെ കീഴിലുള്ള പോലീസ് അന്വേഷിക്കുന്നതിലൂടെ തങ്ങൾക്ക് നീതി ലഭിക്കില്ലെന്നാണ് സി.പി.എം പശ്ചിമബംഗാൾ ഘടകം പറയുന്നത്.

ഇനി മറുവശത്ത് നോക്കൂ. മുൻ കേന്ദ്രമന്ത്രി പി. ചിദംബരത്തിന്റെ മകൻ കാർത്തിക്കിന് എതിരെ സി.ബി.ഐ കേസെടുത്തപ്പോൾ അത് കേന്ദ്ര സർക്കാർ സി.ബി.ഐയെ ഉപയോഗിച്ച് രാഷ്ട്രീയ പ്രതികാരം തീർക്കുകയാണെന്ന നിലപാടാണ് കോൺഗ്രസ് സ്വീകരിച്ചത്. ഇങ്ങനെ തങ്ങളുടെ ആവശ്യത്തിന് അനുസരിച്ച് സി.ബി.ഐയെ തള്ളുകയും കൊള്ളുകയും ചെയ്യുകയാണ് രാഷ്ട്രീയ നേതൃത്വങ്ങൾ.

യഥാർത്ഥ വിഷയം ഒരു അന്വേഷണ ഏജൻസിയും കുറ്റമറ്റതല്ല എന്നതാണ്. അധികാരത്തിലിരിക്കുന്നവർക്ക് അന്വേഷണ ഏജൻസിയെ നിയന്ത്രിക്കാനും സ്വാധീനിക്കാനും ഒക്കെ കഴിയും. കേരളത്തിൽ ബാർക്കോഴക്കേസ്, ജോയ്സ് ജോർജ് എം.പിയുടെ ഭൂമി കൈയേറ്റ കേസ് തുടങ്ങിയവയൊക്കെ അട്ടിമറിക്കപ്പെടുന്നത് ഈ വസ്തുതയിലേക്കാണ് വിരൽചൂണ്ടുന്നത്. ബംഗാളിൽ പ്രതിപക്ഷത്തിരിക്കുന്ന സി.പി.എമ്മിന് അവിടത്തെ പോലീസിനെ വിശ്വാസമില്ല. അങ്ങനെയാണെങ്കിൽ കേരളത്തിലെ പ്രതിപക്ഷത്തിന് ഇവിടത്തെ പോലീസിനെ സംശയിക്കുന്നതിൽ അസ്വാഭാവികത എന്താണ് ഉള്ളത്. അതാണ് പ്രശ്നം.

ഷുഹൈബ് വധക്കേസിൽ സി.ബി.ഐ അന്വേഷണത്തിന് ഉത്തരവിട്ടത് കോടതിയാണ്; കേന്ദ്ര സർക്കാരല്ല. കേരള പോലീസിന്റെ അന്വേഷണത്തിൽ വിശ്വാസമില്ലെന്ന് പറഞ്ഞത് ഷുഹൈബിന്റെ മാതാപിതാക്കളാണ്. അവരാണ് സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചത്. ഷുഹൈബിന്റെ വധവുമായി തങ്ങൾക്ക് യാതൊരു ബന്ധവും ഇല്ലെന്ന് പ്രഖ്യാപിച്ച പാർട്ടിയാണ് സി.പി.എം. എങ്കിൽ എന്തിനാണ് സി.ബി.ഐയെ കാട്ടി സി.പി.എമ്മിനെ പേടിപ്പിക്കാൻ നോക്കേണ്ടായെന്നും മറ്റും വിളിച്ചുപറയുന്നത്. ആരാണ് പേടിപ്പിക്കാൻ നോക്കുന്നത്– കേരള ഹൈക്കോടതിയോ!

ഷുഹൈബ് വധവുമായി ഒരു ബന്ധവും ഇല്ലെന്ന് പറയുന്ന പാർട്ടി യഥാർത്ഥത്തിൽ സി.ബി.ഐ അന്വേഷണത്തെ സ്വാഗതം ചെയ്യുകയായിരുന്നില്ലേ വേണ്ടിയിരുന്നത്. ആരും അന്വേഷിച്ചോട്ടെ തങ്ങൾക്ക് ഒരു ഭയവും ഇല്ലെന്ന നിലപാടായിരുന്നില്ലേ സ്വീകരിക്കേണ്ടിയിരുന്നത്. അതിന് പകരം സി.ബി.ഐ അന്വേഷണത്തെ സി.പി.എം ഭയക്കുന്നുവെന്ന ബോധം പൊതുസമൂഹത്തിൽ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്.

സി.ബി.ഐ അന്വേഷണത്തിലേക്ക് ഷുഹൈബ് കേസിനെ എത്തിക്കുന്ന തരത്തിൽ പ്രവർത്തിച്ചത് യഥാർത്ഥത്തിൽ സി.പി.എം തന്നെയാണ്. നേരത്തെയുള്ള സർവ്വകക്ഷി സമാധാനയോഗ തീരുമാനം അനുസരിച്ച് ഷുഹൈബിന്റെ വീട്ടിൽ സർവ്വകക്ഷി സംഘം പോകേണ്ടതായിരുന്നു. സി.പി.എം നേതൃത്വത്തിന് പോകാൻ ബുദ്ധിമുട്ടുണ്ടാകുമെന്ന കാര്യം മനസിലാക്കാവുന്നതേയുള്ളൂ. എന്നാൽ എന്തുകൊണ്ടാണ് കേരളത്തിലെ ഭരണാധികാരികളിൽ ആരും അങ്ങോട്ട് തിരിഞ്ഞുനോക്കാതിരുന്നത്. മുഖ്യമന്ത്രി പിണറായി വിജയനോ, കണ്ണൂരിൽ സമാധാന യോഗത്തിന് എത്തിയ മന്ത്രി എ.കെ. ബാലനോ, എന്തിനധികം 'ഉദ്ഘാടന മന്ത്രി'യായ കടന്നപ്പള്ളി രാമചന്ദ്രനോ ഷുഹൈബിന്റെ വീട് സന്ദർശിക്കാമായിരുന്നല്ലോ. കുടുംബത്തെ ആശ്വസിപ്പിച്ച് അവരുടെ വിശ്വാസം നേടിയെടുക്കാൻ ശ്രമിക്കാതിരുന്നത് എന്തുകൊണ്ടാണ്. അതേസമയം മുഖ്യമന്ത്രി തന്നെ കൈയാളുന്ന ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള പോലീസ് ഷുഹൈബ് വധക്കേസ് പ്രതികളെ പിടികൂടിയപ്പോൾ, പ്രതികൾക്ക് എതിരെ നടപടിയെടുക്കുന്നതിന് പകരം പാർട്ടി തലത്തിൽ അന്വേഷണം നടത്തി മാത്രമേ അവർക്ക് കേസുമായി ബന്ധമുണ്ടോയെന്ന് തീരുമാനിക്കാൻ കഴിയൂവെന്നാണ് സി.പി.എം പറഞ്ഞത്. പോലീസ് സംവിധാനത്തിൽ സി.പി.എമ്മിന് പോലും വിശ്വാസമില്ല എന്നാണ് അതിന് അർത്ഥം. പാർട്ടി സമാന്തര അധികാര കേന്ദ്രമാണെന്ന ധാരണയാണ് അത് സൃഷ്ടിച്ചത്. സ്വാഭാവികമായും ഇത് ഷുഹൈബിന്റെ മാതാപിതാക്കൾക്കും മറ്റും സംശയം സൃഷ്ടിക്കുന്നതാണ്. അതാണ് സി.ബി.ഐ അന്വേഷണത്തിൽ എത്തിച്ചത്.

സി.ബി.ഐയോ, കേരള പോലീസോ, മറ്റ് ആരെങ്കിലുമോ അന്വേഷിക്കുന്നു എന്നതല്ല പ്രശ്നം. സി.ബി.ഐ അന്വേഷണത്തിന് ഉത്തരവിട്ടപ്പോൾ ഷുഹൈബിന്റെ സഹോദരി പ്രതികരിച്ചത് ശ്രദ്ധിക്കണം. പടച്ചോൻ അനുവദിച്ച നീതിയാണ് വിധിയെന്നാണ് അവർ പറഞ്ഞത്. സങ്കടക്കോളടങ്ങാത്ത ഒരു സഹോദരിയുടെ മനസിന്റെ വിങ്ങലാണ് അതിലൂടെ പുറത്തുവന്നത്. കോടതിയും അത്തരമൊരു നീതിബോധം തന്നെയാണ് പ്രകടിപ്പിച്ചത്. ഈ കേസ് രാഷ്ട്രീയ പാർട്ടികളുടെ കണ്ണുതുറപ്പിക്കാൻ സഹായകരമായെങ്കിൽ നന്നായി എന്നാണ് കോടതി പറഞ്ഞത്. അതെ, അതാണ് വിഷയം. അതു തന്നെയാണ് വിഷയം.

ആരുവേണമെങ്കിലും അന്വേഷിക്കട്ടെ. പക്ഷെ, ഈ ക്രൂരതക്ക് അവസാനമുണ്ടാകണം. നിരവധി ഷുഹൈബുമാരുടെ, മാതാപിതാക്കളുടെ, സഹോദരങ്ങളുടെ കണ്ണീരു വീണ മണ്ണാണിത്. എന്നിട്ടും ഒരു പശ്ചാത്താപം പോലുമില്ലാതെ കൊലയാളികൾ തടവറകളെ പോലും ഭരിക്കുന്ന സംസ്ഥാനമാണിത്. അതുകൊണ്ട് അന്വേഷണ ഏജൻസികളെ ചൊല്ലി പുതിയൊരു പോർമുഖം തുറക്കുന്നതിന് പകരം ഇനിയൊരു കൊലപാതകത്തിനും തങ്ങൾ കൂട്ടുനിൽക്കില്ലെന്ന് പറയാനുള്ള ആർജവത്തമാണ് രാഷ്ട്രീയ നേതൃത്വങ്ങൾ കാണിക്കേണ്ടത്.

കയ്റോസ്-കോൾപിംഗ്, കണ്ണൂർ
വനിതാദിനം 2018
വനിതാറാലി

*വനിതാ ദിനത്തിൽ കയ്റോസിന്റെ നേതൃത്വത്തിൽ തളിപ്പറമ്പിൽ നടത്തിയ റാലി*

## കയ്റോസ് വനിതാദിനാഘോഷം നടത്തി

തളിപ്പറമ്പ: കണ്ണൂർ രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കയ്റോസ് വനിതാദിനം ആചരിച്ചു. ഇതോടനുബന്ധിച്ച് തളിപ്പറമ്പ ടൗൺ സ്ക്വയറിൽ വ്യത്യസ്ത മേഖലകളിലെ വനിത സംരംഭകർ അവരുടെ ഉൽപ്പന്നങ്ങളുടെയും ജൈവ പച്ചക്കറികളുടെയും പ്രദർശനവും വിപണനവും വനിതാ റാലിയും നടത്തി. കയ്റോസ് അസോസിയേറ്റ് ഡയറക്ടർ ഫാ. വിമൽ വിക്ടർ സ്വയം തൊഴിൽ വിപണന മേള ഉദ്ഘാടനം ചെയ്തു. കണ്ണൂർ രൂപത ബിഷപ്പ് ഡോ. അലക്സ് വടക്കുംതല അനുഗ്രഹ പ്രഭാഷണം നടത്തി. തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി. ലത ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലാ പഞ്ചായത്ത് മെമ്പർ ഡോ. കെ.വി. ഫിലോമിന മുഖ്യപ്രഭാഷണം നടത്തി. കണ്ണൂർ നിയമ സമീക്ഷ ജില്ലാ സെക്രട്ടറി അഡ്വ. വിമലകുമാരി വനിതാ സന്നദ്ധ പ്രവർത്തകരെ ആദരിച്ചു. ചപ്പാരപ്പടവ് പഞ്ചായത്ത് പ്രസിഡണ്ട് മൈമൂനത്ത് വിധവ സ്വയംതൊഴിൽ പദ്ധതി ഫണ്ട് വിതരണ ഉദ്ഘാടനം നടത്തി.

കയ്റോസ് ഡയറക്ടർ ഫാ. ഷൈജു പീറ്റർ, കെ.സി.വൈ.എം. മുൻ സംസ്ഥാന പ്രസിഡണ്ട് പുഷ്പ ക്രിസ്റ്റി, കയ്റോസ് സേവ് എ. ഫാമിലി പ്ലാൻ കോ-ഓഡിനേറ്റർ സോഫിയ റോയ് സംസാരിച്ചു.

## വനിതാദിനം ആഘോഷിച്ചു

കണ്ണൂർ: കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ വനിതാ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വനിതാ ദിനം ആഘോഷിച്ചു. മഹിളാ കോൺഗ്രസ് സംസ്ഥാന സെക്രട്ടറി തങ്കമ്മ വേലായുധൻ ഉദ്ഘാടനം ചെയ്തു. സി.എം. ഗിരിജ അധ്യക്ഷത വഹിച്ചു. കെ. ഗീത, ടി. സതീദേവി, എ.വി. ഉഷ, എൻ.പി. ഭാർഗവി സംസ്ഥാന വൈസ് പ്രസിഡണ്ട് എം.പി. വേലായുധൻ, ജില്ലാ സെക്രട്ടറി കെ. സുധാകരൻ മാസ്റ്റർ, സി.വി. രഘുമാസ്റ്റർ, വി. ലളിത, കെ. ശോഭന പ്രസംഗിച്ചു. കെ. സജനി സ്വാഗതവും ടി.ആർ. ഭാർഗവി നന്ദിയും പറഞ്ഞു.

## തെരുവ് പ്രഘോഷണ പരമ്പര

ശ്രീകണ്ഠപുരം: ലോക സമാധാനം ലക്ഷ്യമാക്കിയുള്ള തെരുവോര ബോധവൽക്കരണ സെമിനാറും ദൈവ വചനപ്രഘോഷണവും കാഞ്ഞിരക്കൊല്ലിയിൽ നടന്നു. ലഹരി ഉൽപന്നങ്ങൾ, ലൈംഗിക അരാജകത്വങ്ങൾ എന്നിവക്കെതിരെയാണ് ബോധവൽക്കരണ പരിപാടി.

നെല്ലിക്കുറ്റി സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ സിസ്റ്റർ ടെസാമാനുവലിന്റെ നേതൃത്വത്തിലുള്ള ധ്യാന സംഘമാണ് ശുശ്രൂഷകൾ നയിച്ചത്. സിസ്റ്റർ ഡോണ, സിസ്റ്റർ ജിൻസി, വിൽസൺ കണിയാരശേരിയിൽ, ബിജു തയ്യിൽ, സജി കാക്കനാട്ട്, മേരി വടകര എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## സെക്യൂരിറ്റി ജീവനക്കാർ ലേബർ ഓഫീസിലേക്ക് മാർച്ച് നടത്തും

കണ്ണൂർ: മിനിമം വേതനം നൽകാത്ത ഏജൻസികൾക്കും സ്ഥാപന ഉടമകൾക്കുമെതിരായി കർശനമായി നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് സെക്യൂരിറ്റി എംപ്ലോയീസ് യൂനിയൻ (സി.ഐ.ടി.യു) ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഏപ്രിൽ അഞ്ചിന് ജില്ലാ ലേബർ ഓഫീസിന് മുന്നിലേക്ക് മാർച്ചും ധർണ്ണയും നടത്താൻ തീരുമാനിച്ചു. ചെറുകുന്ന് മലബാർ ഓഡിറ്റോറിയത്തിൽ നിന്നും പിരിച്ചുവിട്ട സെക്യൂരിറ്റി ജീവനക്കാരെ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 14 മലബാർ ഓഡിറ്റോറിയത്തിന് മുന്നിൽ സൂചന സത്യാഗ്രഹം നടത്താനും ജില്ലാ കമ്മിറ്റി യോഗം തീരുമാനിച്ചു. ജില്ലാ സെക്രട്ടറി പി.വി. കുഞ്ഞപ്പൻ റിപ്പോർട്ടവതരിപ്പിച്ചു. സി. കൃഷ്ണൻ അധ്യക്ഷത വഹിച്ചു. പി.വി. ഉപേന്ദ്രൻ, കെ.വി. ബാലകൃഷ്ണൻ, കണ്ടംകൊച്ചി നാരായണൻ, പി. ബാബുരാജ്, എൻ. രവീന്ദ്രൻ സംസാരിച്ചു.

*മയ്യിൽ ഫാത്തിമ ക്ലിനിക്കിൽ നേത്ര പരിശോധന ക്യാമ്പ് മെഡിക്കൽ ഓഫീസർ ഡോ.എസ്.പി.ജുനൈദ് ഉദ്ഘാടനം ചെയ്യുന്നു*

## നേത്ര പരിശോധന ക്യാമ്പ് നടത്തി

മയ്യിൽ: ശ്രീശങ്കര വിദ്യാനികേതൻ കുറ്റ്യാട്ടൂർ, മലബാർ ഐ. ഹോസ്പിറ്റൽ കണ്ണൂർ, ഫാത്തിമ ക്ലിനിക്ക് മയ്യിൽ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ഫാത്തിമ ക്ലിനിക് മെഡിക്കൽ ഓഫീസർ ഡോ. എസ്.പി. ജുനൈദ് ഉദ്ഘാടനം ചെയ്തു. ശ്രീ ശങ്കര വിദ്യാനികേതൻ വിദ്യാലയ സമിതി പ്രസിഡണ്ട് കെ. ഗോവിന്ദൻമാസ്റ്റർ, ക്ഷേമസമിതി പ്രസിഡണ്ട് പി.വി. അച്യുതാനന്ദൻ, പി. രമേശ് സംസാരിച്ചു. ഡോ. സീമ നേതൃത്വം നൽകി.

## മജ്‌ലിസുന്നൂർ വാർഷികവും മത പ്രഭാഷണവും

ചെറുകുന്ന്: എസ്.കെ.എസ്.എസ്.എഫ് പള്ളിച്ചാൽ ശാഖ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 29, 30 തീയതികളിൽ മജ്‌ലിസുന്നൂർ വാർഷികവും മത പ്രഭാഷണവും ചെറുകുന്ന് ഒളിയങ്കര ജുമാമസ്ജിദ് പരിസരത്തെ ശംസുൽ ഉലമാ നഗറിൽ നടക്കും. 29ന് ശുക്കൂർ ഫൈസി മുഖ്യപ്രഭാഷണം നടത്തും. 30ന് നടക്കുന്ന പരിപാടി മാഹിൻ മുസ്ല്യാർ ഉദ്ഘാടനം ചെയ്യും. മുഹമ്മദ് സകരിയ ബാഖവി പ്രഭാഷണം നടത്തും. തുടർന്ന് നടക്കുന്ന മജ്‌ലിസുന്നൂറിന് ഫൈസൽ തങ്ങൾ ഹുദവി നേതൃത്വം നൽകും.

## വാർഷിക സമ്മേളനം സംഘടിപ്പിച്ചു

തളിപ്പറമ്പ: കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ തളിപ്പറമ്പ ടൗൺ കമ്മിറ്റിയുടെ 26-ാം വാർഷിക സമ്മേളനം ഡ്രീംപാലസ് ഓഡിറ്റോറിയത്തിൽ നടന്നു. ആന്തൂർ നഗരസഭ ചെയർമാൻ പി.കെ. ശ്യാമള ടീച്ചർ ഉദ്ഘാടനം ചെയ്തു. ടൗൺ പ്രസിഡണ്ട് കെ. ശിവശങ്കരപ്പിള്ള അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡണ്ട് വി.പി. കൃഷ്ണ പൊതുവാൾ സംഘടനാ റിപ്പോർട്ട് അവതരിപ്പിച്ചു. സാഹിത്യ അക്കാദമി ആദരവ് നേടിയ കെ. മാധവൻ മാസ്റ്ററെ ആദരിച്ചു. പി.പി. ദാമോദരൻ, കെ.വി. ജാനകി ടീച്ചർ, ഇ. കുഞ്ഞിരാമൻ സംസാരിച്ചു. ഭാരവാഹികളായി കെ. ശിവശങ്കരപ്പിള്ള (പ്രസിഡണ്ട്), കെ.സി. സരോജിനി ടീച്ചർ, പി. വാസുദേവൻ നമ്പീശൻ (വൈസ് പ്രസിഡണ്ട്), പി. ജനാർദനൻ (സെക്രട്ടറി), സി. കുഞ്ഞിരാമൻ, സി. കുഞ്ഞിരാമൻ മാസ്റ്റർ ( ജോയിന്റ് സെക്രട്ടറി), ടി. വൽസൻ മാസ്റ്റർ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. ടി. വൽസൻ മാസ്റ്റർ വരവ് ചിലവ് കണക്ക് അവതരിപ്പിച്ചു. പി.പി. ദാമോദരൻ, സി. ബാലകൃഷ്ണൻ മാസ്റ്റർ, ടി.പി. രാധാകൃഷ്ണൻ, പി. രാമകൃഷ്ണൻ, എം.വി. ജനാർദനൻ മാസ്റ്റർ, പി. ജനാർദനൻ, വി. കുഞ്ഞിരാമൻ സംസാരിച്ചു.

*തളിപ്പറമ്പ് സർസയ്യിദ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഏകദിന സ്വയം പ്രതിരോധ പരിശീലനം വനിതാ സെൽ സബ് ഇൻസ്പെക്ടർ ടി.പി. സുധ ഉദ്ഘാടനം ചെയ്യുന്നു.*

## ഏകദിന സ്വയം പ്രതിരോധ പരിശീലനം സംഘടിപ്പിച്ചു

തളിപ്പറമ്പ: അന്താരാഷ്ട്ര വനിത ദിനാചരണത്തിന്റെ ഭാഗമായി തളിപ്പറമ്പ് സർസയ്യിദ് ഇൻസ്റ്റിറ്റ്യൂട്ട് ഇക്കണോമിക്സ് വിഭാഗവും കേരള പോലീസ് വനിതാ സെല്ലും സംയുക്തമായി ഏകദിന സ്വയം പ്രതിരോധ പരിശീലനം സംഘടിപ്പിച്ചു. കണ്ണൂർ വനിതാ സെൽ സബ്ബ് ഇൻസ്പെക്ടർ ടി.പി. സുധ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ പ്രൊഫ. എം.കെ. സാഹിർ അധ്യക്ഷത വഹിച്ചു. സിവിൽ പോലീസ് ഓഫീസർമാരായ വിദ്യ, രേഷ്മ, സിന്ധു, അമൃത, ഷാഹിദ എന്നിവർ പരിശീലനം നൽകി. വി.വി. ശ്രീദേവി, കെ.എം. നിസാമുദീൻ, കെ.എം. മുസ്തഫ, കെ.വി. ഉമ്മർ, കെ. നിതിൻ, കെ.ടി. ബിജിന, കെ.പി. അനസ്, സി. കുഞ്ഞാമിന, അഫ്ര അമീറലി സംസാരിച്ചു.

## ഒ.എൻ.വി– കലാഭവൻ മണി അനുസ്മരണം

ചുഴലി: ചുഴലി കിഴക്കേമൂല എ.കെ.ജി സ്മാരക വായനശാല ആന്റ് ഗ്രന്ഥാലയത്തിന്റെയും കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒ.എൻ.വി, കലാഭവൻ മണി അനുസ്മരണം മിനേഷ് മണക്കാട് ഉദ്ഘാടനം ചെയ്തു. എം. ഗിരീഷ് കുമാർ, എം.വി. സുരേഷ്കുമാർ, എം.വി. നിതിൻ, സി. രാജേഷ്, പി.പി. കൃഷ്ണൻ സംസാരിച്ചു. വായനാമൽസരം വിജയികളെ ചടങ്ങിൽ അനുമോദിച്ചു. തുടർന്ന് ഒ.എൻ.വി, കലാഭവൻ മണി ഗാനങ്ങളുടെ ആലാപനവും നടന്നു.

*റൊമാന്റിക് ഇന്നർവിയർ ഷോറൂം തളിപ്പറമ്പിൽ നഗരസഭാ ചെയർമാൻ അള്ളാംകുളം മഹമൂദ് ഉദ്ഘാടനം ചെയ്യുന്നു*

## റൊമാന്റിക് ഇന്നർവിയർ ഷോറൂം പ്രവർത്തനമാരംഭിച്ചു

തളിപ്പറമ്പ: നാല് വർഷമായി തളിപ്പറമ്പ് കെ.വി. കോംപ്ലക്സിൽ പ്രവർത്തിച്ചുവന്ന റൊമാന്റിക് എക്സ് ക്ലൂസീവ് ലേഡീസ് ഇന്നർവിയർ ആന്റ് കിഡ്സ് ഷോറൂം തളിപ്പറമ്പ് സിറ്റി സെന്ററിൽ പ്രവർത്തനമാരംഭിച്ചു. നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് ഉദ്ഘാടനം ചെയ്തു. സ്ത്രീകളുടെയും കുട്ടികളുടെയും ഇന്നർവെയറിന്റെ വിപുലമായ ശേഖരമാണ് ഒരുക്കിയിരിക്കുന്നത്.

## യാത്രയയപ്പ് സമ്മേളനം നടത്തി

ശ്രീകണ്ഠപുരം: ഇരിക്കൂർ ഉപജില്ലയിലെ വിവിധ പ്രൈമറി വിദ്യാലയങ്ങളിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്കും മറ്റു ജീവനക്കാർക്കും ഉപജില്ലാ അക്കാദമിക് കൗൺസിലിന്റെ നേതൃത്വത്തിൽ യാത്രയയപ്പ് നൽകി. മലയാള ഭാഷാ പാഠശാല ഡയറക്ടർ ടി.പി.ഭാസ്കര പൊതുവാൾ ഉദ്ഘാടനം ചെയ്തു. എ.ഇ.ഒ പി.പി.ശ്രീജൻ അധ്യക്ഷത വഹിച്ചു. അക്കാദമിക് കൗൺസിൽ സെക്രട്ടറി തോമസ് മാത്യു, ബി.പി.ഒ ടി.വി.പവിത്രൻ, എസ്.കെ. ജയദേവൻ, എൻ.പി.ഹരികൃഷ്ണൻ, സ്റ്റിബി കെ.സൈമൺ. ഇ.കെ.കൃഷ്ണൻ, കെ.പി.വേണുഗോപാലൻ, കെ.ഗീതാകുമാരി സംസാരിച്ചു.

*ശ്രീകണ്ഠപുരത്ത് എൽ.ഡി.എഫ് ഐക്യദാർഢ്യസദസ് സി.പി.എം ജില്ലാ കമ്മിറ്റിയംഗം പി.വി. ഗോപിനാഥ് ഉദ്ഘാടനം ചെയ്യുന്നു.*

## എൽ.ഡി.എഫ് ഐക്യദാർഢ്യ സദസ് നടത്തി

ശ്രീകണ്ഠപുരം: ത്രിപുരയിൽ തിരഞ്ഞെടുപ്പിന് ശേഷം സി.പി.എമ്മിനെതിരെയുള്ള അക്രമത്തിൽ പ്രതിഷേധിച്ച് ശ്രീകണ്ഠപുരത്ത് എൽ.ഡി.എഫ് ഇരിക്കൂർ നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഐക്യദാർഢ്യ സദസും പ്രകടനവും നടത്തി. സി.പി.എം ജില്ലാ കമ്മിറ്റിയംഗം പി.വി. ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. സി.പി.ഐ ജില്ലാ കമ്മിറ്റിയംഗം പി.കെ. മധുസൂദനൻ അധ്യക്ഷത വഹിച്ചു. ടി.കെ. വൽസൻ(സി.പി.ഐ), പി.ജെ. തോമസ് (ജനതാദൾ), ജോയി തെക്കേടത്ത് (ജനാധിപത്യ കേരള കോൺഗ്രസ്), രാജൻ അമ്പിലോത്ത് (ആർ.എസ്.പി), ഇ.പി. രമേശൻ(സി.എം.പി) സംസാരിച്ചു.

*തളിപ്പറമ്പ ഗോൾഡൻ ജേസീസ് വനിതാ വിംഗ് സി.എച്ച് സെന്ററിലേക്ക് നടത്തിയ സാന്ത്വന യാത്ര ഡോ. നഫീസാ ബേബി ഉദ്ഘാടനം ചെയ്യുന്നു*

## സി.എച്ച്. സെന്ററിലേക്ക് സാന്ത്വന യാത്ര നടത്തി

തളിപ്പറമ്പ: തളിപ്പറമ്പ ഗോൾഡൻ ഡ്രീംസ് ജേസീസ് വനിതാ വിംഗിന്റെ നേതൃത്വത്തിൽ സി.എച്ച്. സെന്റർ ഡയാലിസ് സെന്ററിലേക്ക് സാന്ത്വന യാത്ര നടത്തി. ഡോൾഡൻ ഡ്രീംസ് ചെയർപേഴ്സൺ നഫീസാ സുബൈറിന്റെ അധ്യക്ഷതയിൽ നടന്ന യോഗം സർസയ്യിദ് കോളേജ് പ്രൊഫ. ഡോ. നഫീസ ബേബി ഉദ്ഘാടനം ചെയ്തു. ഡയാലിസ് സഹായ ധനം ഗോൾഡൻ ഡ്രീംസ് പ്രസിഡണ്ട് ടി.കെ. നിയാസ് സി.എച്ച്. സെന്റർ പ്രസിഡണ്ട് അഡ്വ. എസ്. മുഹമ്മദിനെ ഏൽപ്പിച്ചു. സുബൈർ സൂപ്പർ വിഷൻ, സി. സിദിഖ്, എസ്. ശിഹാബുദീൻ, പി. സലീം സംസാരിച്ചു. ഷഹീമ സലീം സ്വാഗതവും ഷമീമ റഷീദ് നന്ദിയും പറഞ്ഞു.

## എഫ്.എൻ.പി.ഒ സംസ്ഥാന സമ്മേളനം; ലോഗോ ക്ഷണിച്ചു

കണ്ണൂർ: തപാൽ ജീവനക്കാരുടെ സംഘടനയായ ഫെഡറേഷൻ ഓഫ് നാഷണൽ പോസ്റ്റൽ ഓർഗനൈസേഷന്റെ (എഫ്.എൻ.പി.ഒ) സുവർണ്ണ ജൂബിലി സംസ്ഥാന സമ്മേളനം മെയ് ഒമ്പത്, പത്ത്, പതിനൊന്ന് തീയതികളിൽ തലശേരിയിൽ നടക്കുന്നതിന്റെ ഭാഗമായി ലോഗോ ക്ഷണിക്കുന്നു. മികച്ച ലോഗോവിന് കാഷ്പ്രൈസ് അടക്കമുള്ള സമ്മാനങ്ങൾ ലഭിക്കും. കെ. മോഹനൻ, ജനറൽ കൺവീനർ, എഫ്.എൻ.പി.ഒ 27-ാം സംസ്ഥാന സമ്മേളനം, പി.ഒ. ചിറക്കര, തലശേരി 670104 എന്ന വിലാസത്തിൽ 12നകം അയക്കണം. ഫോൺ: 9495895599.

## ബി.ജെ.പിക്കെതിരായ കുപ്രചരണം വിലപ്പോകില്ലെന്ന്

തളിപ്പറമ്പ: തൃച്ചംബരത്തെ നിന്നും ചീട്ടുകളി സംഘത്തെ പണിതീരാത്ത കെട്ടിടത്തിൽ പിടികൂടിയ സംഭവം ബി.ജെ.പിയുടെയും സംഘപരിവാറിന്റെയും തലയിൽ കെട്ടിവെക്കാനുള്ള നീക്കം വിലപ്പോവില്ലെന്ന് ബി.ജെ.പി നിയോജക മണ്ഡലം കമ്മിറ്റി അഭിപ്രായപ്പെട്ടു. അസഹിഷ്ണുതാ മനോഭാവം കൊണ്ടാണ് ഇത്തരം പ്രചരണം നടത്തുന്നത്. യോഗത്തിൽ എ.പി. ഗംഗാധരൻ, പി. ബാലകൃഷ്ണൻ മാസ്റ്റർ, ആനിയമ്മ രാജേന്ദ്രൻ, ടി.ടി. സോമൻ, ചന്ദ്രശേഖരൻ മാസ്റ്റർ, രവീന്ദ്രൻ കടമ്പേരി സംസാരിച്ചു.

## തേർത്തല്ലി ടൗണിൽ റോഡിന്റെ വീതി വർധിപ്പിക്കണമെന്ന്

തേർത്തല്ലി: മലയോര ഹൈവേയുടെ ഭാഗമായുള്ള തേർത്തല്ലി ടൗണിൽ റോഡ് വീതി കൂട്ടി മെക്കാഡം ടാറിംഗ് നടത്തണമെന്ന് തേർത്തില്ലിയിൽ ചേർന്ന ഗ്രാമസഭ ആവശ്യപ്പെട്ടു. നിലവിൽ 12 മീറ്റർ വീതിയുള്ള ഭാഗത്ത് 13 മീറ്ററായും വളവുള്ള ഭാഗത്ത് 16 മീറ്ററായും വീതി വർദ്ധിപ്പിക്കണമെന്നാണ് ആവശ്യം. വാർഡ് മെമ്പർ വത്സമ്മ വാണിശേരി അധ്യക്ഷത വഹിച്ചു. ജെസി ഷിജി, കെ.കെ. ജോസ്, പി.മനോജ്, ബാബുരാജ് പ്രസംഗിച്ചു.

## ബി.ജെ.പി ഭരണം ജനങ്ങൾ പൂർണ്ണമനസോടെ അംഗീകരിക്കുന്നുവെന്ന്

ചെറുകുന്ന്: കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി സർക്കാർ രാജ്യത്ത് നടപ്പാക്കുന്ന വികസന പ്രവർത്തനം ജനം പൂർണ്ണ മനസോടെ അംഗീകരിച്ചുകൊണ്ടിരിക്കുന്നു എന്നതിന്റെ തെളിവാണ് ത്രിപുര ഉൾപ്പെടെയുള്ള തിരഞ്ഞെടുപ്പ് ഫലം തെളിയിക്കുന്നതെന്ന് പ്രജ സോഷ്യലിസ്റ്റ് പാർട്ടി ജില്ലാ കമ്മിറ്റി യോഗം അഭിപ്രായപ്പെട്ടു. ജില്ലാ ചെയർമാൻ കൊറ്റ്യാൽ കൃഷ്ണൻ അധ്യക്ഷനായി. മഠത്തിൽ കൃഷ്ണൻ, പറമ്പത്ത് വീട്ടിൽ മോഹനൻ, ഒ.കെ. ബാലൻ, മാവില വീട്ടിൽ ലക്ഷ്മണൻ സംസാരിച്ചു. പി.പി. ജയപ്രകാശൻ സ്വാഗതവും പി. രാജൻ നന്ദിയും പറഞ്ഞു. അന്തരിച്ച മുതിർന്ന മാധ്യമ പ്രവർത്തകൻ എം. അബ്ദുൾ റഹ്മാന്റെ നിര്യാണത്തിൽ യോഗം അനുശോചിച്ചു.

**ലേഡീസ് സ്റ്റാഫിനെ ആവശ്യമുണ്ട്**

**തളിപ്പറമ്പിൽ പുതുതായി ആരംഭിക്കുന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് (സി.എ) അക്കാദമിയിലേക്ക് ലേഡീസ് സ്റ്റാഫിനെ ആവശ്യമുണ്ട്. യോഗ്യത: Any Degree (പ്രായപരിധി– 30 വയസ്) താൽപര്യമുള്ളവർ ബന്ധപ്പെടുക.**
**email id: higmentors@gmail.com**

**HIG** CA CAMPUS, TALIPARAMBA
Mob: + 91- 9947252434

**തളിപ്പറമ്പ സഹകരണ ആശുപത്രി**
സൊസൈറ്റി ലിമിറ്റഡ് നമ്പർ സി.1468

Ph: 0460 2300100, (30 Lines)
0460 2207186 Fax: 0460 2201940

**ത്വക്ക്രോഗ വിഭാഗം**
**ഷഹീല ബക്കർ**
MBBS, MD,DVD
**ചാർജെടുത്തിരിക്കുന്നു**

**പരിശോധന സമയം:**
**ഉച്ചക്ക് 2.30 മുതൽ 5.30 വരെ**

**ടോക്കൺ മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്**
**Ph: 0460 2300100**